പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5207 05.07.2012 -ലെ മറുപടി

## തൃക്കരിപ്പൂർ - ബാംഗ്ലൂർ ബസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| | നിരവധി സ്വകാര്യ ബസ്സുകൾ ബാംഗ്ലൂരിലേയ്ക്ക് സർവ്വീസ് നടത്തുന്ന തൃക്കരിപ്പൂരിൽ നിന്നും ബാംഗ്ലൂരിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | | കാസർഗോഡ് ജില്ലയിൽ സ്ഥിതി ചെയ്യുന്ന തൃക്കരിപ്പൂരിലേക്ക് പയ്യന്നൂർ ഡിപ്പോയിൽ നിന്നും 7 കിലോമീറ്റർ ദൂരം മാത്രമെ ഉള്ളൂ. പയ്യന്നൂരിൽ നിന്നും നിലവിൽ 2 ഷെഡ്യൂളുകൾ പ്രതിദിനം ബാംഗ്ലൂരിലേക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഈ സർവ്വീസുകൾ പയ്യന്നൂരിൽ നിന്നും തൃക്കരിപ്പൂരിലേക്ക് പോയി തിരികെ വന്ന് സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ല. പയ്യന്നൂരിനും തൃക്കരിപ്പൂരിനും ഇടക്കുള്ള 7 കിലോമീറ്റർ ദൂരത്തിൽ കെ.എസ്.ആർ.ടി.സി. യും സ്വകാര്യ ബസ്സുകളും ആവശ്യത്തിലേറെ സർവ്വീസ് നടത്തുന്നതിനാൽ തൃക്കരിപ്പൂർ നിവാസികൾക്ക് പയ്യന്നൂരിൽ നിന്നുള്ള ബാംഗ്ലൂർ സർവ്വീസുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ